# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി15)/1619/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 14/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി15)/1619/2023 തീയ്യതി: 14/12/2023

## തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2023 | 23-09-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2023 | 23-09-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജയകൃഷ്ണൻ എസ്, ഓഡിറ്റ് ഓഫീസർ

ശ്രീമതി.ചൈതന്യ പുരുഷോത്തമൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.ദിവ്യ എസ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുനിത പി. പി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഫോർബി ഇ. ജെ. | സെക്രട്ടറി | 01-04-2022 | 28-09-2022 |

| | | | |
|---|---|---|---|
| ഷെരീഫ് എൻ. എം. | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആൽഫ്രഡ് എം. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| അജിതകുമാരി പി. വി. | ഹെഡ്മാസ്റ്റർ | 01-04-2022 | 19-05-2022 |
| റ്റങ്കു രാമൻ പി. | ഹെഡ്മാസ്റ്റർ | 20-05-2022 | 04-07-2022 |
| അജിതകുമാരി പി. വി. | ഹെഡ്മാസ്റ്റർ | 05-07-2022 | 29-09-2022 |
| ഉഷാകുമാരി കെ. | ഹെഡ്മാസ്റ്റർ | 30-09-2022 | 31-03-2023 |
| സുനിത വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-05-2022 |
| അനില പി. ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-05-2022 | 31-07-2022 |
| സുനിത വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 05-07-2023 |
| വിജിത എ. വി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ലിപ്സി എം. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 22-09-2022 |
| ഷിമി ഇ. ചന്ദ്രൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-09-2022 | 31-03-2023 |
| ഡോ.ഷാജിത കെ.പി | വെറ്ററിനറി സർജൻ | 01-04-2022 | 31-10-2022 |
| ഡോ. നിഖിൽ റോഷ് എ. എസ്. | വെറ്ററിനറി സർജൻ | 01-11-2022 | 30-01-2023 |
| ഡോ. ലിഷ വി. | വെറ്ററിനറി സർജൻ | 31-01-2023 | 31-03-2023 |
| സൂര്യ | വി.ഇ.ഒ, വരവൂർ സർക്കിൾ | 01-04-2022 | 30-07-2022 |
| ഹസീന എം. എ. | വി.ഇ.ഒ, വരവൂർ സർക്കിൾ | 31-07-2022 | 31-03-2023 |
| അനൂപ് യു. ഉണ്ണികൃഷ്ണൻ | വി.ഇ.ഒ, തളി സർക്കിൾ | 01-04-2022 | 31-03-2023 |
| അജി ഫ്രാൻസീസ് കെ. എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| മനോജ് മുഹമ്മദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2022 | 02-08-2022 |
| അജേഷ് എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2022 | 31-03-2023 |
| ഡോ. നിസമോൾ വി. എം. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 18-04-2022 |
| ഡോ. നീനു രാജു തോട്ടൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-04-2022 | 27-04-2022 |
| ഡോ. ബിന്ദു ഭാസ്കർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-04-2022 | 31-03-2023 |
| ഡോ. ദിവ്യ എസ്. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 27-04-2022 |
| ഡോ. രേഖ എൻ. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 28-04-2022 | 09-07-2022 |
| ഡോ. ദിവ്യ എസ്. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 10-07-2022 | 23-08-2022 |
| ഡോ. രേഖ എൻ. | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 24-08-2022 | 31-03-2023 |
| ഡോ. ജിഷ ജേക്കബ്ബ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 20-05-2022 |
| ഡോ. ഉമാ കെ. ശങ്കർ | മെഡിക്കൽ ഓഫീസർ, | 21-05-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ആയുർവേദം | | |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | രസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം 2021-22 സാമ്പത്തികവർഷത്തെ നീക്കിയിരിപ്പ് തുകയും 2022-23 സാമ്പത്തികവർഷത്തെ മുന്നിരിപ്പ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-5 |
| 7 | Directly Debited By Bank-വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-6 |
| 8 | "Directly Credited By Bank" വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-7 |
| 9 | റീകൺസീലിയേഷൻ പത്രിക പ്രകാരവും വാർഷികകണക്കുപ്രകാരവും വ്യത്യാസം | 1-1-8 |
| 10 | വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്റർ, വാർഷികകണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | വസ്തു നികുതി മുൻകൂർ–ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | വസ്തു നികുതി യഥാ സമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-13 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-14 |
| 16 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ–വൌച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-1-15 |
| 17 | വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-17 |
| 19 | നിക്ഷേപത്തിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. | 1-1-18 |
| 20 | വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-19 |
| 21 | വാർഷിക കണക്കുകളെ സാധൂകരിയ്ക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-20 |
| 22 | ഡിപ്രിസിയേഷൻ -അപാകതകൾ | 1-1-21 |
| 23 | പ്രത്യേകോദ്ദേശ്യ വിഹിതം (Grants Funds Contributions For Specific Purposes) ബാലൻസ് ഷീറ്റ് ബി (4)പ്രകാരമുള്ള തുകയും ACR പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-1-22 |
| 24 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾ മുൻകൂർ തുക നൽകുമ്പോൾ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുന്നു. | 1-1-24 |
| 26 | ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-25 |
| 27 | തൊഴിലുറപ്പിന്റെ മൂലധന ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല | 1-1-26 |
| 28 | ബജറ്റ് | 1-2 |
| 29 | ഫണ്ട് വിനിയോഗം | 1-3 |
| 30 | പദ്ധതി അവലോകനം | 1-4 |
| 31 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 32 | ക്ഷേമപദ്ധതികൾ | 1-6 |
| 33 | ക്യാഷ് പരിശോധന | 1-7 |
| 34 | ആഭ്യന്തരനിയന്ത്രണം | 1-8 |

| | | |
|---|---|---|
| 35 | പഞ്ചായത്തിന്റെ നികുതി, നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം | 1-9 |
| 36 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ | 1-10 |
| 37 | വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു | 1-11 |
| 38 | റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു | 1-12 |
| 39 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-13 |
| 40 | മുറിച്ചിട്ട മരങ്ങളുടെ ലേലം - അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 41 | സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ തുടർനടപടി സ്വീകരിച്ചില്ല | 1-15 |
| 42 | അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല | 1-16 |
| 43 | തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു | 1-17 |
| 44 | ദേവിച്ചിറ പുനരുദ്ധാരണം - മണ്ണ് ലേലം തുടർനടപടികളിൽ വീഴ്ച സംഭവിച്ചു | 1-18 |
| 45 | HMC വാർഷിക കണക്കുകളുടെ സമർപ്പണം | 1-19 |
| 46 | പി.എച്ച്.സി യിലെ പർച്ചേസ് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല 16500/- രൂപ തടസ്സപ്പെടുത്തുന്നു | 1-20 |
| 47 | പെയിൻ & പാലിയേറ്റിവ് പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-21 |
| 48 | പത്രപരസ്യം ചാർജ്ജ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല | 1-22 |
| 49 | സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ചു - 78800 രൂപ തടസ്സപ്പെടുത്തുന്നു | 1-23 |
| 50 | മുഴുവൻ മരുന്നുകളും വിതരണം ചെയ്തിട്ടില്ല | 1-24 |
| 51 | ഉത്പന്നവിതരണക്കാരിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഇനത്തിലെ തുക ഈടാക്കിയിട്ടില്ല | 1-25 |
| 52 | പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-26 |
| 53 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 54 | ലഭ്യമാകാത്ത കമ്പ്യൂട്ടർ–തുക തിരികെ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 55 | സാമൂഹ്യസുരക്ഷാ പെൻഷൻ - അധികം തുക അനുവദിച്ചത്, മറ്റ് അപാകതകളും | 1-29 |
| 56 | ഇ-ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. | 1-30 |
| 57 | കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവു ചെയ്തിട്ടില്ല-59148 രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാലി ടാർ വീപ്പയുടെ വില ഫൈനൽ ബില്ലിൽ കുറവു ചെയ്തിട്ടില്ല-59148 രൂപ തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് വരവൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 20.07.2023 ലെ 9/1ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 20.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വരവൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 14.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-1-2 രസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരം 2021-22 സാമ്പത്തികവർഷത്തെ നീക്കിയിരിപ്പ് തുകയും 2022-23 സാമ്പത്തികവർഷത്തെ മുന്നിരിപ്പ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

SBI Current Account -37225078661 ൽ 2021-22 സാമ്പത്തികവർഷം RP40 (B), ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B 17 എന്നിവ പ്രകാരം നീക്കിയിരിപ്പ് 30113 രൂപയാണ്. 2022-23 സാമ്പത്തികവർഷം RP 40(a) പ്രകാരം മുന്നിരിപ്പ് 30118

ആണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്

### 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് പ്രകാരം 2022-23 കാലയളവിലെ Net Increase In Cash And Cash Equivents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 439464രൂപയാണ്.ഇതെ പത്രികയിൽ 2022-23 കാലയളവിൽ Net Cash Generated By Operating +Investing+financing Activity ആയി രേഖപ്പെടുത്തിയിരിക്കുന്നത് 719116 രൂപയാണ്.

### 1-1-4 Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ബാങ്ക് & അക്കൗണ്ട് നമ്പർ | തീയതി | തുക |
|---|---|---|
| Kerala Gramin Bank - Varavoor<br>Account No-40740101038161 | 31.3.22 | 9958 |
| | 31.3.2022 | 4979 |

### 1-1-5 ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്നവ "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമനമ്പർ | അക്കൗണ്ട് നമ്പർ | ബാങ്ക് | തുക |
|---|---|---|---|
| 1 | 57065446673 | SBI Own Fund | 12387 |
| 2 | 2824 | Varavoor Service Co-operative Society | 15000 |
| 3 | 37225078661 | SBI Varavoor | 14815 |

### 1-1-6 Directly Debited By Bank-വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ട് പാസ്സ്ബുക്കുകളിൽ വന്ന ഡെബിറ്റ് തുകകൾ 31/3/2023 വരെയുള്ള എല്ലാ മാസവും റീകൺസീലിയേഷൻ പത്രികയിൽ ഈ തുക "Directly Debited By Bank" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി വരികയാണ് ചെയ്തിട്ടുള്ളത്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക തിരികെ പഞ്ചായത്തിന്റെ ബാങ്ക് അക്കൌണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട

ഡെബിറ്റ് ആണെങ്കിൽ അത് ഉചിതമായ ശീർഷകത്തിൽ അതിന് ചെലവ് രേഖപ്പെടുത്തേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുക ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

| ബാങ്ക് | അക്കൗണ്ട് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| SBI Varavoor | 37225078661 | 12.3.23 | 826 |
| SBI Varavoor | 57065446673 | 23.3.23 | 156534 |

## 1-1-7 "Directly Credited By Bank" വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

"Directly Credited By Bank" എന്ന ഇനത്തിൽ താഴെപറയുന്ന തുകകൾ ഉൾപ്പെടുത്തിയാണ് താഴെ പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| ബാങ്ക് & അക്കൗണ്ട് നമ്പർ | തീയതി | തുക |
|---|---|---|
| SBI Varavoor<br>Account Number-37225078661 | 31.10.22 | 7046 |
| | 6.10.22 | 30 |
| | 31.3.23 | 1119 |
| | ആകെ | 8195 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് പഞ്ചായത്തിന് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

## 1-1-8 റീകൺസീലിയേഷൻ പത്രിക പ്രകാരവും വാർഷികകണക്കുപ്രകാരവും വ്യത്യാസം

Own Fund-SBI-57065446673 എന്ന അക്കൗണ്ടിലെ 31.03.2023 ലെ നീക്കിയിരുപ്പിൽ താഴെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| | |
|---|---|
| റീകൺസീലിയേഷന് പത്രിക പ്രകാരം | 7216378 രൂപ |
| ബാലൻസ് ഷീറ്റ് ബി 17 പ്രകാരം | 7215572 രൂപ |

വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്

## 1-1-9 വസ്തു നികുതി -റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ്

ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1390931 | 1383494 | 5672 | 1776 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1390931 | 1383483 | 5672 | 1776 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1865 /105X100)=10162.8 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 11 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു.

അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-10 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്റർ, വാർഷികകണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.**

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 107606രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 107561രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 107909രൂപയാണ്. (വൗച്ചർ നമ്പർ.42201235/31.3.23)

**1-1-11 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 309268 | 279416 |
| 2 | 350410104-Advance Collection Of Revenues -Property | 979 | 20059 |

| | | | |
|---|---|---|---|
| | Tax On Non-Residential Building | | |

### 1-1-12 വസ്തു നികുതി യഥാ സമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിൽ 160 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100102-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണയായി 31/3/23 ൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും,ഡി മാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-13 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “290000000-Prior Period Income” ,“190000000-Prior Period Expenditure ”എന്ന ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101-Prior Period Income -Property Tax | 3427 |
| 290800101-Prior Period Expenses-Establishment Expenses. | -836 |

**1-1-14 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 15 പ്രകാരം വസ്തു നികുതിയിനത്തിൽ റെസിഡൻഷ്യൽ ഇനത്തിൽ 9325.65 രൂപയും നോൺ റസിഡൻഷ്യൽ ഇനത്തിൽ 76056 രൂപയും കുടിശ്ശികയുണ്ട്. എന്നാൽ നികുതി നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011ത.സ്വഭ വ തീയതി 26.7.11, കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-15 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ-വൌച്ചറുകൾ സൂക്ഷിക്കുന്നില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-16 വസ്തു നികുതി -നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 725234 | 697727 | 590 | 26927 |
| വാർഷികകണക്കിലെ | 725234 | 697717 | 590 | 26927 |

| | | | | |
|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(28274 /105X100)=26927 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 10 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റ്‌വെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

**1-1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്ഥികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്

**1-1-18 നിക്ഷേപത്തിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി-12 പ്രകാരം 1000 രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-19 വസ്തു നികുതി-റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല**

റെസിഡൻഷ്യൽ(കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| ഡിസിബി തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7143 | 46 | 7103 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7143<br>*(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>( | 40<br>(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | 7104<br>**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(7460 X 100/105)=7104.76<br>ചെറിയ തുക |

| | | | |
|---|---|---|---|
| | | | വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. |

1.കളക്ഷൻ എന്നീ തുക പൊരുത്തപ്പെടുന്നില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 6 രൂപ കൂടുതൽ പോസ്റ്റിംഗ് വന്നതായി കാണുന്നു. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.

3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-20 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1)അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ/B-7പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-1-21 ഡിപ്രിസിയേഷൻ -അപാകതകൾ

1. Income And Expenditure Statement പ്രകാരം 2624201 രൂപയുടെ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് ,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2. "സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

## 1-1-22 പ്രത്യേകോദ്ദേശ്യ വിഹിതം (Grants Funds Contributions For Specific Purposes) ബാലൻസ് ഷീറ്റ് ബി (4)പ്രകാരമുള്ള തുകയും ACR പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ബാലൻസ് ഷീറ്റ് ബി (4)പ്രകാരം Grants Funds Contributions For Specific Purposes (320400199 ശീർഷകം) എന്ന ഫണ്ടിൽ നീക്കിയിരിപ്പ് 260,000 ആണ്. എന്നാൽ ACR പ്രകാരം നീക്കിയിരിപ്പ് 40000 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-1-23 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി.

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 131531082 |

| | | |
|---|---|---|
| ആകെ ചെലവ് (B) | | 143214496 |
| മിച്ചം തുക C= A-B | | -11683414 |
| Prior Period Income | 10206 | |
| Prior Period Expenditure | -65281 | |
| Net Difference Between Prior Period Income And Expenses ( D ) | | -55075 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-) 11738489 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -11683414 ൽ നിന്നും -55075 (10206-65281) കുറച്ചപ്പോൾ ലഭിച്ച -11628339 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട അപാകതകൾ IKM ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ടതാണ്.

## 1-1-24 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾ മുൻകൂർ തുക നൽകുമ്പോൾ ബന്ധപ്പെട്ട ചെലവ് ,ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുന്നു.

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500201/460500202/460500206-Advance To Implementing Agencies” എന്ന ശീർഷകങ്ങളിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ഡെപ്പോസിറ്റ് തുക | വൗച്ചർ നമ്പർ /തീയതി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|
| 12/ 23 KSEB പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 18975 | 22201100/31.3.23 | 251200001 | 460500202-Advance Implementing Agencies -Deposit With KSEB |
| | 6676 | 2220101072/29.3.23 | 251200001 | 460500202-Advance Implementing Agencies -Deposit With KSEB |
| 23/23 | 500000/- | 42200945/20.10.22 | 251110208 | 460 ൽ കൊടുത്തിരിക്കുന്ന |

| | | | | |
|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ | | | | ഉചിതമായ ശീർഷകം |
| 43/23 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 155387/- | 42201008/6.1.23 | 251110012 | 460 ൽ കൊടുത്തിരിക്കുന്ന ഉചിതമായ ശീർഷകം |

## 1-1-25 ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുളള എല്ലാ തുകകൾക്കും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ബി-4 പ്രകാരം നീക്കിയിരിപ്പുള്ള താഴെ പറയുന്ന ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ക്രമനമ്പർ | ശീർഷകം | ഹെഡ് | തുക |
|---|---|---|---|
| 2 | 320100197 | Literacy Scheme Ggrant | 34877 |
| 3 | 320100198 | Grant From Suchithwa Mission | 313472 |
| 4 | 320100202 | Grants For Specific Purposes-health Grant Towards Support For Diagnostic Infrastructure To The PHCs | 32929 |
| 5 | 320100102 | Grants For Specific Purposes-health Grant Towards Conversion Of PHCs Andsub Centres Into Health And Wellness Centres | 108624 |
| 6 | 320200302 | Grants Funds And Cntributions For Specific Purposes-other Than Development Fundand State Sponsored Scheme Funds -Slaughter Houses | 107140 |
| 7 | 320200305 | Grants Funds And Cntributions For Specific Purposes-other Than Development Fundand State Sponsored Scheme Funds -Grant For Drinking Water Schemes | 208410 |

| | | | |
|---|---|---|---|
| 8 | 320200399 | Grants Funds And Cntributions For Specific Purposes-other Than Development Fundand State Sponsored Scheme Funds -Other Purposes | 51280 |
| 9 | 320400204 | Contributions For Joint Venture Projects -From Block Panchayaths | 155000 |
| 10 | 320800101 | ഗുണഭോക്തൃവിഹിതം | 185694 |

### 1-1-26 തൊഴിലുറപ്പിന്റെ മൂലധന ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട ചെലവുകൾ വാർഷികധനകാര്യപത്രികയിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ആയി കാണിച്ചിട്ടില്ല. ഈയിനത്തിലുള്ള എല്ലാ ചെലവുകളും റെവന്യൂ ചെലവായി മാത്രം ആണ് കാണിച്ചിട്ടുള്ളത്.

### 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസാക്കിയ തീയ്യതി, കമ്മിറ്റി തീരുമാനം | 23.03.2022, തീരുമാനം നം.1/1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 21,60,10,262 | 20,77,99,000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയ്യതി, കമ്മിറ്റി തീരുമാനം | 18.03.2023, തീരുമാനം നം.1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | 38,91,85,085 | 38,19,29,000 |

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15061000 | 15061000 | 13971000 | 1090000 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9543000 | 9543000 | 8883241 | 659759 |
| മെയിന്റനൻസ്, റോഡ് | 0 | 16439000 | 16439000 | 12937575 | 3501425 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4570000 | 4570000 | 3568532 | 1001468 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ബാങ്ക്) | 1912722 | 2571454 | 4484176 | 1953142 | 2531034 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)ട്രഷറി | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ബാങ്ക്) | 0 | 3675000 | 3675000 | 3242290 | 432710 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ട്രഷറി== | 0 | 724918 | 724918 | 384332 | 340586 |
| Other Schemes | 5286 | 0 | 0 | 0 | 5286 |
| സർവ ശിക്ഷാ അഭിയാൻ | 27326 | 745 | 28071 | 0 | 28071 |
| Total Sanitation Campaign | 324725 | 0 | 324725 | 266000 | 58725 |
| Nirmal | 85531 | 0 | 85531 | 0 | 85531 |

| | | | | | |
|---|---|---|---|---|---|
| Puraskar | | | | | |
| Grants Funds For Pandemic And Epidemic Control | 50000 | 0 | 50000 | 0 | 50000 |
| ICDS | 2732964 | 945226 | 3678190 | 768048 | 2910142 |
| Homeopathy-capital | 0 | 4,50,000 | 4,50,000 | 0 | 4,50,000 |
| Jalanidhi | 969043 | 903051 | 1872094 | 1366714 | 505380 |
| Grants Funds And Contributions For Specific Purposes -Other Government Agencies | 6904 | 1758653 | 1765557 | 1758653 | 6904 |
| Grants Funds And Contributions For Specific Purposes -Other Financial Agencies | 260000 | 0 | 260000 | 0 | 260000 |

കുറിപ്പ് :- സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്. Literacy Scheme Grant ,Grants From Suchithwa Mission,grants For Specific Purposes-health Grant Towards Support For Diagnostic Infrastructure For The Phcs, Grants For Specific Purposes-health Grant Towards Coversion Of Phcs

And Sub Centres Into Health And Wellness Centres,grants Funds And Contributions For Specific Purposes -Other Than Development Fund And State Sponsored Scheme Funds -Slaughter Houses, Grants Funds And Contributions For Specific Purposes-other Than Development Fund And State Sponsored Scheme Funds -Grant For Drinking Water Schemes , Grants Funds And Contributions For Specific Purposes-other Than Development Fund And State Sponsored Scheme Funds -Other Purposes,contributions For Joint Venture Projects -From Block Panchayaths, Beneficiary Contribution എന്നീ ഇനങ്ങളുടെ മാന്വൽ എ.സി.ആർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ കണക്കുകളുടെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-4 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽത്തുക | നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 190 | 237160642 | 159 | 51155819 | 21.57% | 83.68% |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10 | 949009 | 949019 | 947548 | 1471 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 24476000 | 24476000 | 24476000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 4244000 | 4244000 | 4244000 | 0 |
| ആകെ | 10 | 29665009 | 29665019 | 29663548 | 1471 |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 4197500 | 383 |
| വിധവാ പെൻഷൻ | 12989000 | 1174 |
| വാർധക്യകാലപെൻഷൻ | 17457400 | 1627 |
| വികലാംഗപെൻഷൻ | 3413900 | 312 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 1009900 | 95 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2023 തീയതിയിൽ 3.00 PM ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13489/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 പഞ്ചായത്തിന്റെ നികുതി, നികുതിയേതര വിഭവസമാഹരണത്തിന്റെ കാര്യക്ഷമത - അവലോകനം

**1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

01-04-2022 മുതൽ 31-03-2023 വരെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൻപ്രകാരം നികുതി വർദ്ധനവ് സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. വസ്തുനികുതി പുരോഗതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നുണ്ടെന്നും അവലോകനം ഗ്രാമസഭകളിലും വാർഡ് മീറ്റിങ്ങുകളിലും നടത്തുന്നുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന്(01/15.09.23) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**2) വസ്തുനികുതി**

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ശുപാർശയോടെ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും എന്നാൽ സോഫ്റ്റ്‌വെയർ അപ്ഡേഷൻ നിലവിൽ ലഭ്യമായിട്ടില്ലാത്തതിനാൽ പുതുക്കിയ നിരക്കിൽ നിലവിൽ നികുതി ഈടാക്കുന്നില്ലെന്നും, ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലെന്നും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് (01/15.09.23) മറുപടിയായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**3) സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം ശുചിത്വ പരിപാലനം തെരുവുവിളക്കുകൾ ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ സേവന ഉപനികുതി ഈടാക്കിയിട്ടില്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ കേന്ദ്രസർക്കാർ സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കാത്തതിനാൽ സർവീസ് ചാർജ് ഇനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നുമില്ല.

**4) തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ആയതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ വ്യാപാരികളുടെ വിവരങ്ങളും, ഒന്നിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല. റേഷൻ വ്യാപാരികളെയും, ഒന്നിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ കൂടി ഡാറ്റാബേസിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**5) വിനോദനികുതി**

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം, നീന്തൽകുളങ്ങൾ, വിനോദസഞ്ചാരസാധ്യതകൾ ഉള്ള സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്ത് പരിധിയിൽ വിപണനമേളകൾ ഒന്നും തന്നെ നടന്നിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സിനിമ തിയറ്ററുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല. ഈ സാഹചര്യത്തിൽ വിനോദനികുതിയിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ദീർഘ വീക്ഷണത്തോടെയുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

**6) നികുതിയേതര വരവുകൾ**

(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ :

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വരുന്നുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് കൃത്യമായി ഈടാക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്.

(2) ലേലം, ഫലവൃക്ഷങ്ങൾ എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഹാൾ ഉണ്ട്. പ്രസ്തുത ഹാൾ വാടകയ്ക്ക് നൽകുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. ആയതിൽ കുളം നവീകരണവുമായി ബന്ധപ്പെട്ട് മുറിച്ച മരങ്ങളുടെ ലേലം നടത്തിയിട്ടുണ്ടെങ്കിലും ആയത് ആരും ലേലം കൊള്ളുകയുണ്ടായില്ല. എന്നാൽ പ്രസ്തുത മരങ്ങൾ നശിച്ചു പോകാത്ത വിധം സംരക്ഷിച്ചിട്ടില്ല. കുളം നവീകരണവുമായി ബന്ധപ്പെട്ട് കുഴിച്ചെടുത്ത മണ്ണ് യഥാസമയം ലേലം ചെയ്തിട്ടുണ്ടെങ്കിലും തുടർനടപടികളിലുണ്ടായ വീഴ്ച മൂലം തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല.ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

**7) മറ്റിനങ്ങൾ**

പ്രാദേശിക/പാരിസ്ഥിതിക അവസ്ഥയ്ക്കനുസരിച്ച് ലഭ്യമാകാവുന്ന വരവുകൾ (നിലവിൽ ലഭിക്കുന്നത്/ഭാവിയിൽ

വരുമാന മാർഗ്ഗമാക്കാവുന്നത്) കണ്ടെത്തിയിട്ടില്ല. ആയത് സംബന്ധിച്ച് സാധ്യതാപഠനത്തിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾ

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(2) ആട് ഫാം : 20 മൃഗങ്ങൾ

(3) പന്നി ഫാം : 5 മൃഗങ്ങൾ

(4) മുയൽ ഫാം : 25 മൃഗങ്ങൾ

(5) പൗൾട്രി ഫാം : 100 പക്ഷികൾ

പൗൾട്രി/ലൈവ്സ്റ്റോക്ക് ഫാമുകളൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാത്തതിനാൽ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് വരുമാനമൊന്നുമില്ല. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും പരിശോധിച്ചതിൽ (ഫോറം 6) പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1. | ഷഫീഖ് | IV/407B | 209.3 | കോഴിവളർത്തൽ ഷെഡ് |
| 2. | സഫീന അലിയാർ | I/241A | 136.34 | കോഴിവളർത്തൽ ഷെഡ് |
| 3. | സ്റ്റീഫൻ പൗലോസ് | XII/256G | 290.5 | ലൈവ്സ്റ്റോക്ക് ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഫാമുകൾ ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നതാണോ എന്നതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.08/21.09.2023) നിലവിൽ ലൈസൻസ് എടുത്തിട്ടില്ലെന്നും ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇത്തരം വീഴ്ചകൾ

സംഭവിക്കാതിരിക്കാൻ മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ലൈവ്സ്റ്റോക്ക് ഷെഡുകളിൽ ഫീൽഡ് പരിശോധന നടത്തി ബാധകമായവക്ക് ലൈസൻസ് എടുപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം 2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം ചട്ടവ്യവസ്ഥ ലംഘിച്ച് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിന്മേൽ ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നു പോരുന്ന സംഗതിയിൽ അങ്ങനെ കുറ്റം തുടരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതുമാകുന്നു.

## 1-11 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിക്കുന്നു

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ച ഫയൽ പരിശോധിച്ചതിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ കെട്ടിട ഉടമകളിൽ നിന്നും വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.22/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ കെട്ടിട ഉടമകളിൽ നിന്നും വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1. | 11/382B | 51.23 | വാണിജ്യാവശ്യം |
| 2. | 11/382C | 40.37 | വാണിജ്യാവശ്യം |
| 3. | 6/199A | 280.2 | പാർപ്പിടാവശ്യം |
| 4. | 6/92D | 320.35 | പാർപ്പിടാവശ്യം |
| 5. | 9/407A | 38.64 | വ്യവസായം |
| 6. | 3/2B | 63.98 | പാർപ്പിടാവശ്യം |
| 7. | 3/2C | 64.44 | പാർപ്പിടാവശ്യം |
| 8. | 14/241A | 228.21 | പാർപ്പിടാവശ്യം |
| 9. | 5/295A | 273.25 | പാർപ്പിടാവശ്യം |

## 1-12 റേഷൻ കടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 -ാം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക

ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ FACTEAOS ലൈസൻസ് രജിസ്റ്ററും, തൊഴിൽനികുതി ഡിമാൻഡ് രജിസ്റ്ററും പരിശോധിച്ചപ്പോൾ റേഷൻ കടകൾ ലൈസൻസ് എടുക്കുകയോ, തൊഴിൽനികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വരവൂർ ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ ലൈസൻസ് എടുക്കാതെയും, തൊഴിൽനികുതി അടവാക്കാതെയും പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.10/21.09.23)പഞ്ചായത്ത് പരിധിയിൽ 7 റേഷൻ കടകൾ ഉണ്ടെന്നും ആയവയെ കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനും, തൊഴിൽനികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ റേഷൻകട ഉടമകൾക്ക് നോട്ടീസ് നൽകി അവരെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച്, തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

എന്നാൽ 2022-23 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും സ്ഥാപനങ്ങൾ FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.09/21.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകി ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| 1. | ടോപ്കോ ഇൻഡസ്ട്രീസ് | 7/458A | 4 |
| 2. | ഗോൾഡൻ പപ്പടം | 1/386 | 4 |
| 3. | ശ്രീകാർത്തിക കാറ്ററിംഗ് സർവീസ് | 5/123J | 5 |
| 4. | നിർമ്മാല്യം പപ്പടം | 7/443A | 4 |
| 5. | ജെയ് ലൈറ്റ് എന്റർപ്രൈസസ് | 5/196 | 2 |
| 6. | ബിസ്മില്ല ഹോട്ടൽ | 4/110 | 2 |
| 7. | ഐശ്വര്യ റൂഫിംഗ് | 9/429B | 3 |
| 8. | സൗഭാഗ്യ ബുക്ക് ബൈന്റിംഗ് | 14/48 | 3 |
| 9. | അൽ അമീൻ സോമിൽ | 4/89 | 4 |
| 10. | CSC ഡിജിറ്റൽ സേവ ജനസേവന കേന്ദ്രം | 6/211 | 2 |

**1-14 മുറിച്ചിട്ട മരങ്ങളുടെ ലേലം – അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്**

ദേവിച്ചിറ കുളം നവീകരണവുമായി ബന്ധപ്പെട്ട് 8 മരങ്ങൾ (ഇലവ് -3, തേക്ക് - 2, മട്ടി-1, പാവട്ട-1, പഞ്ഞിപൂള -1) മുറിച്ച് അസി. ഫോറസ്റ്റ് കൺസർവേറ്ററുടെ വാല്യൂവേഷൻ തുകയായ 108660 രൂപ അംഗീകരിച്ച് ലേലം ചെയ്യുന്നതിന് 18.10.2022 ലെ 7(1) നമ്പർ ഭരണസമിതി തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 13.12.2022 ലെ എസ്.സി2-809/22 ലേലം നോട്ടീസ് പ്രകാരം 22.12.2022 ൽ ലേലം നടത്തിയെങ്കിലും ആരും വാല്യൂവേഷൻ നിരക്കിലോ ഉയർന്ന നിരക്കിലോ ലേലം കൊള്ളുന്നതിന് തയ്യാറായില്ല. തുടർന്ന് 30.12.2022 ലും 24.01.2023 ലും പുനർ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. ആയതിനാൽ മുറിച്ച മരങ്ങൾ നിലവിൽ എവിടെ/എപ്രകാരമാണ് സൂക്ഷിച്ചിട്ടുള്ളത്, പ്രസ്തുത മരങ്ങൾ തുടർന്ന് ലേലം ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.11/21.09.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത മരങ്ങളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി 23.09.2023 ൽ സ്ഥലപരിശോധന നടത്തിയപ്പോൾ മരങ്ങൾ മൂന്നിടങ്ങളിലായി കൂട്ടിയിട്ട നിലയിലും, മരത്തിനു ചുറ്റും വെള്ളം നിറഞ്ഞു കിടക്കുന്ന അവസ്ഥയിലുമാണ് കാണപ്പെട്ടത്. മഴയിൽ നിന്നും വെയിലിൽ നിന്നും സംരക്ഷണം നൽകുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കാതിരുന്നതിനാലും മരങ്ങളെല്ലാം തന്നെ ദ്രവിച്ച അവസ്ഥയിലാണ്. പ്രസ്തുത മരങ്ങൾ സംരക്ഷിക്കാതിരുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കൃത്യവിലോപം ഉണ്ടായിട്ടുണ്ട്. ആയതിനാൽ തന്നെ പ്രസ്തുത മരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി മരങ്ങളുടെ പുനർമൂല്യം നിർണയിച്ച് അടിയന്തരമായി ലേലം ചെയ്ത് വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ

അറിയിക്കേണ്ടതാണ്. .

## 1-15 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ തുടർനടപടി സ്വീകരിച്ചില്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തികവർഷത്തിൽ ചുവടെ പട്ടികയിൽ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ കാരണങ്ങളാൽ ലൈസൻസ് നൽകിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനങ്ങൾ 2022-23 സാമ്പത്തികവർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചത് സ്ഥലപരിശോധന നടത്തി അതിനെതിരെ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.12/21.09.23) സ്ക്വയർ അഗ്രോ മിൽസ്, നെസ്‌ലീഫ് എന്നീ സ്ഥാപനങ്ങൾ നിലവിൽ ലൈസൻസ് എടുത്തിട്ടുള്ളതാണെന്നും മറ്റു സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം ലൈസൻസ് നിരസിച്ചതിനു ശേഷവും സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ നോട്ടീസ് നൽകുകയോ, നേരിട്ട് സ്ഥലപരിശോധനയോ നടത്തി പ്രസ്തുത സ്ഥാപനങ്ങളെകൊണ്ട് നിയമപ്രകാരമുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ലൈസൻസ് എടുപ്പിക്കാനുള്ള തുടനടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് നിരസിച്ചതിന് കാരണം |
|---|---|---|
| 1. | ഐശ്വര്യ ഹോട്ടൽ | സാനിറ്ററി സർട്ടിഫിക്കറ്റ് |
| 2. | അലിഫ് ചിക്കൻ സെന്റർ | സാനിറ്ററി സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് കത്ത് നൽകി |
| 3. | അൽമുറാദ ചിക്കൻ സെന്റർ | സാനിറ്ററി സർട്ടിഫിക്കറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്നതിന് കത്ത് നൽകി |
| 4. | സ്ക്വയർ അഗ്രോ മിൽസ് | പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് കത്ത് നൽകി |
| 5. | ഐശ്വര്യ ബ്യൂട്ടി ക്ലിനിക്ക് | വാസഗൃഹമായതിനാൽ ലൈസൻസ് നല്കാൻ നിർവ്വാഹമില്ല |

| | | |
|---|---|---|
| 6. | നളന്ദ സൂപ്പർമാർക്കറ്റ് | വാസഗൃഹമായതിനാൽ ലൈസൻസ് നല്കാൻ നിർവ്വാഹമില്ല |
| 7. | യുബാക്ക് എന്റർപ്രൈസസ് | വാസഗൃഹമായതിനാൽ ലൈസൻസ് നല്കാൻ നിർവ്വാഹമില്ല |
| 8. | നെസ്‌ലീഫ് | വാസഗൃഹമായതിനാൽ ലൈസൻസ് നല്കാൻ നിർവ്വാഹമില്ല |
| 9. | സ്റ്റേഷനറി കട (7/193) | കെട്ടിടത്തിന്റെ ഉടമസ്ഥതയിൽ വ്യക്തത വരുത്തിയിട്ടില്ല. |

**1-16 അനധികൃത കെട്ടിടത്തിന് വസ്തുനികുതി നിർണയിച്ച് ഈടാക്കിയിട്ടില്ല**

വരവൂർ ഗ്രാമപഞ്ചായത്തിലെ ശ്രീ.രാജേഷ് & മിനു രാജേഷ് എന്നിവർക്ക് ഗ്രൂപ്പ് ഡി കാറ്റഗറിയിലുള്ള 1448.75 M3 വിസ്തീർണമുള്ള ഓഡിറ്റോറിയം പണിയുന്നതിന് 11.07.2018 ലെ A3-BA-(276084) നമ്പർ പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വാലിഡിറ്റി 27.11.2021 വരെയാണ്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ നമ്പറിംഗിനായി സമർപ്പിച്ച സ്കെച്ച് പ്രകാരം കെട്ടിടത്തിന്റെ ബിൽട്ട് അപ് ഏരിയ 1607.77 M3 ആണ്. പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 1500 M2 ന് മുകളിലായതിനാൽ 15.06.2022 ലെ A5-785/22 കത്ത് പ്രകാരം കെ.പി.ബി.ആർ 2019 ചട്ടം 30 പ്രകാരം ജില്ലാ ടൗൺ പ്ലാനറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതിന് ന്യൂനതകൾ ചൂണ്ടിക്കാട്ടി 16.07.22 ലെ TCPTSR/411/2022-C1 പ്രകാരം ജില്ലാ ടൗൺ പ്ലാനർ മറുപടി നൽകിയിരുന്നു. അപാകതകൾ നാളിതുവരെ പരിഹരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഓഡിറ്റോറിയം നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ ടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിഹരിച്ച് കെട്ടിടത്തിന് നമ്പർ അനുവദിച്ച് വസ്തുനികുതി ഈടാക്കുന്നുണ്ടോ അല്ലാത്തപക്ഷം നിലവിൽ പ്രവർത്തിച്ചു വരുന്ന പ്രസ്തുത കെട്ടിടത്തെ അനധികൃത കെട്ടിടമായി പരിഗണിച്ച് യു.എ നമ്പർ അനുവദിച്ച് നികുതി ഈടാക്കുന്നുണ്ടോ എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.27/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235എഎ(1)ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിനാൽ ശ്രീ. രാജേഷ് & മിനു രാജേഷ് എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് യു.എ നമ്പർ അനുവദിച്ച് കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച തീയതി അല്ലെങ്കിൽ വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതൽ കെട്ടിടം

നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു

വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തികവർഷത്തെ ഓഡിറ്റിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 00000057065446673 നമ്പർ തനത് ഫണ്ട് അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചപ്പോൾ തനത് അക്കൗണ്ടിൽ എക്സസ്സ് ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ് എന്ന ഇനത്തിൽ 59 രൂപ എന്ന കണക്കിൽ ബാങ്ക് തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബാങ്ക് ചാർജ്ജ് |
|---|---|---|
| 1. | 10.02.2023 | 59 |
| 2. | 14.02.2023 | 59 |
| 3. | 16.02.2023 | 59 |
| 4. | 22.02.2023 | 59 |
| 5. | 28.02.2023 | 59 |
| 6. | 15.03.2023 | 59 |
| 7. | 18.03.2023 | 59 |
| 8. | 28.03.2023 | 59 |
| 9. | 31.03.2023 | 59 |

ഇപ്രകാരം ബാങ്ക് ചാർജ്ജ് ഈടാക്കുന്നത് 2023-24 സാമ്പത്തികവർഷത്തിലും തുടർന്നു വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിൽ ലക്ഷങ്ങളുടെ ഡെപ്പോസിറ് നൽകിയിട്ടും എക്സസ്സ് ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ് എന്ന ഇനത്തിൽ ബാങ്ക് ചാർജ് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനോ അല്ലെങ്കിൽ ഈടാക്കിയ ബാങ്ക് ചാർജ് തിരികെ ലഭിക്കുന്നതിനോ ബാങ്ക് അധികൃതരുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയമോ/ നടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.28/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ നാളിതുവരെ ചാർജ്ജ് ഇനത്തിൽ ബാങ്ക് ഈടാക്കിയ തുക തിരികെ ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-18 ദേവിച്ചിറ പുനരുദ്ധാരണം - മണ്ണ് ലേലം തുടർനടപടികളിൽ വീഴ്ച സംഭവിച്ചു

വരവൂർ ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിലെ ദേവിച്ചിറ കുളത്തിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് കുളത്തിൽ നിന്നും നീക്കം ചെയ്ത പുറംഭാഗത്തുള്ള മണ്ണും, കളിമണ്ണ് കലർന്ന ചെളിമണ്ണും 17.03.22 ലെ 1(1) നം. തീരുമാനം പ്രകാരം മഴക്കാലത്തിന് മുൻപ് ലേലം ചെയ്യാൻ തീരുമാനിച്ചിരുന്നു. തുടർന്ന് 13.04.2022 ലെ 33/AE/LSGD /VVR/22 പ്രകാരം മണ്ണിന്റെ വില അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ

30.04.22 ൽ ലേലവും, 13.05.22 ലും, 23.05.22ലും പുനർലേലവും നടത്തിയതിന്റെ ചുവടെ പറയുന്നവർ മണ്ണ് ലേലം കൊണ്ടിരുന്നു.

| | പുറംഭാഗത്തുള്ള മണ്ണ് | കളിമണ്ണ് കലർന്ന ചെളിമണ്ണ് |
|---|---|---|
| ലേലം കൊണ്ട വ്യക്തി | മൊയ്തീൻ കുട്ടി, കുറ്റിമൂച്ചിക്കൽ | സുഭാഷ് പി.വി |
| ലേലം കൊണ്ട ദിവസം | 13.05.2022 | 23.05.2022 |
| മണ്ണിന്റെ അടിസ്ഥാന വില | 154/m3 | 272/m3 |
| ലേലം കൊണ്ട വില | 212/m3 | 835/m3 |
| ലേലം അംഗീകരിച്ച തീരുമാനം, തീയതി | 16.05.22 6(1) തീരുമാനം | 25.05.22 - 1(1) |

എന്നാൽ പ്രസ്തുത ലേലത്തിലും, ആയതിന്റെ തുടർനടപടികളിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ലേലം അംഗീകരിച്ചതിനു ശേഷം മാത്രമാണ് മണ്ണിന്റെ യഥാർത്ഥ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളത്.

2. മണ്ണ് സ്റ്റോക്ക് ചെയ്ത് അളന്നു തരാൻ അസി.എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെക്ഷൻ, വടക്കാഞ്ചേരിയെ സമീപിക്കുകയും തുടർന്ന് 27.09.2023 ൽ മാത്രമാണ് സംയുക്ത പരിശോധന നടത്തി മണ്ണിന്റെ യഥാർത്ഥ അളവ് തിട്ടപ്പെടുത്തിയത്. ഭരണസമിതിക്ക് കീഴിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ഉണ്ടായിട്ടും (അസിസ്റ്റന്റ് എഞ്ചിനീയർ, ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് വിംഗ്) ടി വ്യക്തിയെ കൊണ്ട് അളവ് തിട്ടപ്പെടുത്താതെ മൈനർ ഇറിഗേഷൻ വകുപ്പിന്റെ മറുപടിയ്ക്കായി കാത്തിരുന്നതിലൂടെ നാല് മാസത്തോളം കാലതാമസം സംഭവിച്ചിട്ടുണ്ട്.

3. പുറംഭാഗത്തുള്ള മണ്ണ് ലേലവുമായി ബന്ധപ്പെട്ട 30.04.22ലെ A4-809/22നമ്പർ ലേലം പരസ്യം പ്രകാരവും, കളിമണ്ണ് കലർന്ന ചെളിമണ്ണ് ലേലവുമായി ബന്ധപ്പെട്ട പുനർലേല പരസ്യം നം.a4-809/22 തീ.16.05.22 പ്രകാരവും കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെന്നും, GST 5% ഉൾപ്പടെ ലേലം തുക മുഴുവനായി ഒരാഴ്ചകം അടവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ലേലംകൊണ്ട വ്യക്തികളുമായി കരാർ ഉടമ്പടിയിലേർപ്പെട്ടിട്ടില്ല.

4. GST 5% ഉൾപ്പടെ ലേലം തുക മുഴുവനും ഒരാഴ്ചകം അടവാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ശ്രീ.മൊയ്തീൻ കുട്ടി മുഴുവൻ തുക അടവാക്കിയത് 21.03.23 ൽ മാത്രമാണ്. കൂടാതെ ശ്രീ.സുഭാഷിനോട് മുഴുവൻ തുകയും

അടവാക്കാൻ ആവശ്യപ്പെട്ടത് 26.03.2023 ൽ മാത്രമാണ്. ഇപ്രകാരം ഒരാഴ്ചക്കകം മുഴുവൻ തുകയും അടയ്ക്കാൻ ലേലപരസ്യത്തിൽ നിഷ്കർഷിച്ചിട്ടും ശ്രീ. സുഭാഷിനോട് തുക അടവാക്കാൻ ആവശ്യപ്പെടാതിരുന്നതിനാൽ ടി വ്യക്തി നാളിതുവരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയ 50000/- രൂപയ്ക്ക് പുറമെ യാതൊരു തുകയും പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലേലം കൊണ്ട വ്യക്തി | ലേലം കൊണ്ട തുക | നാളിതുവരെ അടവാക്കിയത് | അടവാക്കാനുള്ളത് |
|---|---|---|---|
| സുഭാഷ് പി.വി | 3429682 (5%GST അടക്കം) | 0 | 3429682 |

മേൽ പ്രകാരം പ്രവർത്തിച്ചതിലൂടെ ലേലം തുടർനടപടികളിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഒരാഴ്ചക്കകം മുഴുവൻ തുകയും അടയ്ക്കാൻ ലേലപരസ്യത്തിൽ നിഷ്കർഷിച്ചിട്ടും ശ്രീ.സുഭാഷിനോട് തുക അടവാക്കാൻ ആവശ്യപ്പെടാതിരുന്നതിനാൽ ടി വ്യക്തി 3429682 രൂപ പഞ്ചായത്തിൽ അടവാക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത സാമ്പത്തികവർഷത്തിൽ ടി മണ്ണ് ലേലത്തിൽ ലഭിക്കുമായിരുന്ന തുകയുടെ പലിശ പഞ്ചായത്തിന്റെ നഷ്ടമായി കണക്കാക്കാവുന്നതും, ഈ നഷ്ടത്തുക മണ്ണ് ലേലവുമായി ബന്ധപ്പെട്ട് കാലതാമസം വരുത്തിയ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്. പ്രസ്തുത മണ്ണിന്റെ വിഷയത്തിൽ കാലതാമസം ഒഴിവാക്കുന്നതിനായി ലേലം കൊണ്ട വ്യക്തിയോട് മുഴുവൻ തുകയും അടവാക്കി മണ്ണ് നീക്കം ചെയ്യാൻ ആവശ്യപ്പെടേണ്ടതും, ടിയാൻ നിരസിക്കുന്നപക്ഷം പ്രസ്തുത മണ്ണ് കണ്ടുകെട്ടി മണ്ണിന്റെ നിലവിലെ അളവ് തിട്ടപ്പെടുത്തി അടിയന്തരമായി പുനർലേലം ചെയ്യേണ്ടതാണ്.

## 1-19 HMC വാർഷിക കണക്കുകളുടെ സമർപ്പണം

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ, സ.ഉ(സാധാ)നം.3379/04/എച്ച്.എഫ്.ഡബ്ളിയു.ഡി തി.03-12-04 എന്നിവയ്ക്കു വിധേയമായി രൂപം കൊണ്ടിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ (പി.എച്ച്.സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മറ്റി രൂപീകരിച്ച തീയതി, ഏത് വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് നൽകി എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.02/18.09.2023) ആയുർവേദ ഡിസ്പെൻസറിയും, ഹോമിയോ ഡിസ്പെൻസറിയും 2022-23 സാമ്പത്തികവർഷം വരെയുള്ള വാർഷിക കണക്കുകൾ സമർപ്പിച്ചതായും, വരവൂർ പി.എച്ച്.സി 2020-21 സാമ്പത്തികവർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയതാണെന്നും 2021-22, 2022-23 വർഷത്തിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. വാർഷികകണക്കുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

## 1-20 പി.എച്ച്.സി യിലെ പർച്ചേസ് നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചില്ല 16500/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നം / പേര് | 191/23- ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ |
| അടങ്കൽ | 135000 |
| ചെലവ് | 28200 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തീയതി , തുക | 42200792/21.03.23 |

മേൽ പ്രവൃത്തിയിൽ വരവൂർ പി.എച്ച്.സി യ്ക്കും, 4 സബ്സെന്ററുകൾക്കും സിറ്റി മൊബൈൽസ് എന്ന സ്ഥാപനത്തിൽ നിന്നും ആകെ 5 മോഡം വാങ്ങുന്നതിന് മേൽ വൗച്ചർ നമ്പർ പ്രകാരം 16500 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000/- മുതൽ 100000/- രൂപ വരെയുള്ള പർച്ചേസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെൻറ് മാന്വൽ പ്രകാരം (സ.ഉ(അ)നം.259/2010/തസ്വഭവ തീ.08.11.2010) 5000/- മുതൽ 25000/- രൂപ വരെയുള്ള പർച്ചേസുകളും ക്വട്ടേഷൻ മുഖേന നടത്തണമെന്നിരിക്കെ 5 മോഡം വാങ്ങുമ്പോൾ ആകെ തുക 16500 രൂപ വന്നിട്ടും ക്വട്ടേഷൻ നടത്താതെ നേരിട്ട് വാങ്ങിയതിന് മറുപടി നൽകേണ്ടതിനോടൊപ്പം പ്രസ്തുത മോഡം സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.32/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പർച്ചേസുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. മോഡം സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നത് വരെ 16500/- രൂപ തടസ്സപ്പെടുത്തുന്നു.

**II. ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ – ക്വട്ടേഷൻ മുഖേനയല്ലാതെ ഉപകരണങ്ങൾ വാങ്ങിച്ചു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നം / പേര് | 190/23- ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | 264733 |

| | |
|---|---|
| ചെലവ് | 235151 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തീയതി , തുക | 42200795/21.03.23, 14989<br>42200796/21.03.23, 14989<br>42200797/21.03.23, 14989<br>42200798/21.03.23, 14989<br>42200801/21.03.23, 14995 |

സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി.28.05.2022 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും മാത്രമേ വാങ്ങാവൂ. KMSCL ൽ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും വാങ്ങാവുന്നതാണ്. ഇവിടെ നിന്നും ലഭിക്കാൻ കാലതാമസം വന്നാൽ അത്യാവശ്യമുള്ള മരുന്നുകൾ കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി എന്നിവയിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വാങ്ങാവുന്നതാണ്. അല്ലാത്തപക്ഷം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15000/- മുതൽ 100000/- രൂപ വരെയുള്ള പർച്ചേസുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്വർമെൻറ് മാന്വൽ പ്രകാരം(സ.ഉ(അ)നം.259/2010/തസ്വഭവ തീ.08.11.2010) 5000/- മുതൽ 25000/- രൂപ വരെയുള്ള പർച്ചേസുകളും ക്വട്ടേഷൻ മുഖേന വാങ്ങേണ്ടതാണ്. ആയതിനായി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം ഓരോ സാമ്പത്തികവർഷവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് ആവശ്യമായ സാധനങ്ങളുടെ പട്ടിക തയ്യാറാക്കേണ്ടതും, ഖണ്ഡിക 7.2 പ്രകാരം ആകെ ആവശ്യകതയുടെ മൂല്യം കണക്കാക്കുമ്പോൾ ഉന്നതാധികാരികളുടെ അംഗീകാരം ആവശ്യമുള്ള വാങ്ങലുകളിൽ ആയത് ഒഴിവാക്കുന്നതിനായി ആവശ്യമുള്ള സാമഗ്രികളെ ചെറിയ ഘടകങ്ങളായി വിഭജിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ വരവൂർ പി.എച്ച്.സി യ്ക്കും ആയതിന്റെ 4 സബ്സെന്ററുകൾക്കും കൂടി മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഒരേ ദിവസത്തെ വൗച്ചറുകൾ പ്രകാരം H.B METER STRIPS-50T, GLUCO STRIPS, PREGNANCY CARD എന്നിവ വാങ്ങുന്നതിന് ആകെ 74951 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ KMSCL, കാരുണ്യ, മാവേലി സ്റ്റോർ, സപ്ലൈകോ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാതെ ഓരോ സബ്സെന്ററുകൾക്കും സെൻട്രൽ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും വ്യത്യസ്തമായ ബില്ലുകളിലൂടെ (ഇൻവോയ്സ് നമ്പർ 2801/18.02.23 & 2804,2805,2806,2807/20.02.23) ആകെ വേണ്ട ആവശ്യത്തെ വിഭജിച്ചു വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഒരേ ഇനത്തിൽപ്പെട്ട ഉപകരണങ്ങൾ വാങ്ങുമ്പോൾ ആകെ തുക 74951 രൂപ വന്നിട്ടും ക്വട്ടേഷൻ നടത്താതെ ആയവയെ സ്പ്ലിറ്റ് ചെയ്ത് മത്സര സ്വഭാവമില്ലാതെ നേരിട്ട് വാങ്ങിയതിന് മറുപടി നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.20/21.09.2023) ഒരു മെയിൻ സെന്ററിനും, നാല് സബ്സെന്ററിനും വേണ്ട ഉപകരണങ്ങൾ അഞ്ച് ക്വട്ടേഷൻ മുഖേന വാങ്ങിയതിന്റെ ക്വട്ടേഷൻ രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ പ്രൊക്വർമെൻറ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയതിനെ കുറിച്ചോ, ഭരണസമിതി തീരുമാനങ്ങളിൽ ക്വട്ടേഷൻ അംഗീകരിച്ചതിനെ കുറിച്ചോ, പ്രസ്തുത ഉപകരണങ്ങളുടെ പേയ്മെന്റുമായി ബന്ധപ്പെട്ട ILGMS ഫയലിൽ

ക്വട്ടേഷൻ മുഖേന വാങ്ങിയതിനെ കുറിച്ചോ പരാമർശമോ, രേഖപ്പെടുത്തലുകളോ ഇല്ല. ആയതിനാൽ തന്നെ മെഡിക്കൽ ഓഫീസർ സമർപ്പിച്ച ക്വട്ടേഷൻ രേഖകളുടെ വിശ്വാസ്യത പരിശോധിക്കാൻ സാധിച്ചില്ല. ആയതിനാൽ ഭാവിയിൽ പർച്ചേസ് നടത്തുമ്പോൾ വാങ്ങേണ്ട സാധനങ്ങൾ ഒന്നിച്ച് കണക്കാക്കി ആയവയെ വിഭജിക്കാതെ സ്റ്റോർ പർച്ചേസ് മാന്വൽ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രൊക്യൂർമെൻറ് മാന്വലിന് വിധേയമായി നിയമാനുസൃത നടപടിക്രമങ്ങളിലൂടെ വാങ്ങലുകൾ നടത്തേണ്ടതാണ്.

## 1-21 പെയിൻ & പാലിയേറ്റിവ് പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്റ്റ് നം / പേര് | 43/23- പെയിൻ & പാലിയേറ്റിവ് കെയർ |
| അടങ്കൽ | 950000<br>ഡെവലപ്മെന്റ് ഫണ്ട് - 750000<br>ജില്ലാ പഞ്ചായത്ത് ഫണ്ട് - 200000 |
| ചെലവ് | 864296 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തീയതി , തുക | 42200896/21.06.22,70211<br>42200903/08.07.2022, 42814<br>42200908/17.08.22,38434<br>42200925/05.09.22,40494<br>42200942/19.10.22, 35736<br>42200954/04.11.22, 38234<br>42200980/14.12.22,37414<br>42200998/24.12.2022, 96399<br>42201006/04.01.2023, 36415<br>42201008/06.01.23, 155387<br>42201035/01.02.23,31458<br>42201036/01.02.23,80954<br>42201053/15.02.23, 49452 |

| | |
|---|---|
| | 42201114/16.03.23, 36096 |
| | 42201154/28.03.23, 24314 |
| | 42201155/28.03.23, 28997 |
| | 42201156/28.03.23, 21487 |

പ്രസ്തുത പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിന് ചുവടെ പറയും പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | മരുന്ന് വാങ്ങുന്നതിന് നൽകിയ തുക | വൗച്ചർ നം | പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തീയതി | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 155387/- | 42201008/ 06.01.23 | PRF1714, തീ.17.10.2022 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF1714/17.10.2022 പ്രകാരം മുൻകൂറായി 155387/- രൂപ കൈമാറിയതിന് 90191 രൂപയുള്ള (14927-4812/20.05.23 &75264-3168/12.05.23) മരുന്ന് മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ഇനിയും 65196/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. ആയതിനാൽ അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമായ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്(ഓഡിറ്റ് അന്വേഷണം നം.14/21.09.2023).

## 1-22 പത്രപരസ്യം ചാർജ്ജ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല

സ.ഉ(സാധാ)നം. 01/11/ഐ & പി.ആർ.ഡി തീയതി. 04.01.2011, സ.ഉ(സാധാ)നം.288/14/ഐ & പി.ആർ.ഡി തീയതി. 10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർക്ക് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ,നേരിട്ടോ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ദേവിച്ചിറ മണ്ണ് ലേലവുമായി ബന്ധപ്പെട്ട് ചുവടെ പട്ടികയിൽ പറയുംപ്രകാരം മാതൃഭൂമി പത്രത്തിൽ പരസ്യം നൽകിയതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. ആയതിനാൽ പ്രസ്തുത പരസ്യത്തിന്മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധവെച്ചു പുലർത്തേണ്ടതുമാണ്.(ഓഡിറ്റ് അന്വേഷണം നം.29/23.09.2023)

| ക്രമ നം | വൗച്ചർ നം., തീയതി തുക | നൽകിയ തുക, (ജി.എസ്.ടി ഒഴികെ) | ലഭിക്കേണ്ട ഡിസ്കൗണ്ട് 15% |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2200340/05.08.2022 -14230/- | 13552 | 2033 |
| | | ആകെ | 2033/- |

## 1-23 സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി തുക ചെലവഴിച്ച - 78800 രൂപ തടസ്സപ്പെടുത്തുന്നു

ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി തനതുഫണ്ട് ഉപയോഗിച്ച് വായനശാലകൾക്ക്/സ്കൂളുകൾക്ക് ആനുകാലികങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ആയതിനോടൊപ്പം സ്കൂളുകൾക്ക് പുറമെ അനിമൽ ഡിസ്പെൻസറി, കൃഷി ഭവൻ, പി.എച്ച്.സി,വരവൂർ, ഹോമിയോ ഡിസ്പെൻസറി. ആയുർവേദ ഡിസ്പെൻസറി എന്നീ ഓഫീസുകൾക്കും പത്രം വിതരണം ചെയ്തിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ് |
| പ്രോജക്റ്റ് നം / പേര് | 133/23- വായനശാലകൾ, സ്കൂളുകൾ എന്നിവിടങ്ങളിലേക്ക് ആനുകാലികങ്ങളും, പത്രങ്ങളും വിതരണം ചെയ്യൽ |
| അടങ്കൽ | 100000 (തനതുഫണ്ട് ) |
| ചെലവ് | 78800 |
| ബിൽ നം/വൗച്ചർ നം/ചെക്ക് നം/തീയതി , തുക | 22200568/31.10.22,78800 |
| ഓഡിറ്റ് അന്വേഷണം നം. | 26/23.09.2023<br>28/23.09.2023 |

സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ, തീ.28.05.2022 പ്രകാരം വായനശാലകൾ/സ്കൂളുകൾ /അങ്കണവാടികൾ, സർക്കാർ ഓഫീസുകൾ എന്നിവയ്ക്ക് ആനുകാലികങ്ങൾ/പത്രങ്ങൾ വാങ്ങുന്നതിന് അനുമതിയില്ല. സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പാക്കിയതിനാൽ ചെലവുതുക 78,800/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.16/21.09.2023&26/23.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 മുഴുവൻ മരുന്നുകളും വിതരണം ചെയ്തിട്ടില്ല

| പദ്ധതി നം/ പേര് | നിർവഹണ ഉദ്യോഗസ്ഥ | വൗച്ചർ നമ്പർ/ തിയതി | അടങ്കൽ | ചെലവ് | മരുന്ന് വിതരണ വിവരം | | |
|---|---|---|---|---|---|---|---|
| | | | | | ഇൻവോയിസ്സും തിയതി | തുക | ഇനിയും ലഭിക്കാനുള്ളത് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 23/22-23 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന്, അനുബന്ധ സാമഗ്രികൾ വാങ്ങൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 42200945 20.10.22 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) 5,00,000 | 5,00,000 | PF456/05.07.23 | 2,37,275 | 2,62,725 | |

മേൽപദ്ധതിക്കായി ആലപ്പുഴ HOMCOയ്ക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ട്. നാളിതുവരെ 2,37,275/- രൂപയുടെ മരുന്ന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണ(നം.24/23.09.23)ത്തിന് മറുപടിയായി ബാക്കി മരുന്ന് ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം രജിസ്റ്ററിൽ ചേർത്ത് അസ്സൽ ഇൻവോയ്സ് സഹിതം ഹാജരാക്കേണ്ടതാണ്.

**1-25 ഉത്പന്നവിതരണക്കാരിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ഇനത്തിലെ തുക ഈടാക്കിയിട്ടില്ല**

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 16/23-ാം നമ്പർ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (ജനറൽ),17/23-ാം നമ്പർ അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി (എസ്.സി.പി) എന്നീ പ്രോജക്ടുകളിൽ Drisya Amrutham Food Supplement Erumapetty Grama Panchayath, Kottappuram-680584 എന്ന സ്ഥാപനത്തിൽ നിന്നു താഴെ പറയും പ്രകാരം അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം എന്നീ ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഉത്പന്നം | ഇൻവോയ്സ് നം. | തിയതി | നികുതി ഒഴികെയുള്ള തുക | CGST@ 2.5% | SGST @ 2.5% | നികുതി ഉൾപ്പെടെയുള്ള തുക | വൌച്ചർ നം. | തിയതി |
|---|---|---|---|---|---|---|---|---|---|
| 1 | അമൃതം | 36 | 00.08.22 | 50085 | 1252.12 | 1252.12 | 52589 | 42200920 | 31.08.22 |
| 2 | പോഷകം | 62 | 29.10.22 | 11900 | 297.5 | 297.5 | 12495 | 42200199 | 07.01.23 |
| 3 | കുമാരി പ്ലസ് | 91 | 27.12.22 | 15050 | 376.25 | 376.25 | 15803 | | |
| 4 | അമൃതം | 50 | | 49140 | 1228.5 | 1228.5 | 51597 | 42200705 | 08.02.23 |
| 5 | പോഷകം | 52 | | 12250 | 306.25 | 306.25 | 12863 | | |
| 6 | കുമാരി പ്ലസ് | 53 | | 18025 | 450.62 | 450.62 | 18926 | | |
| 7 | അമൃതം | 60 | 29.10.22 | 47705 | 1192.62 | 1192.62 | 50090 | | |
| 8 | കുമാരി പ്ലസ് | 61 | 29.10.22 | 16800 | 420 | 420 | 17640 | | |
| 9 | അമൃതം | 79 | 28.11.22 | 48930 | 1223.25 | 1223.25 | 51376.5 | | |
| 10 | പോഷകം | 80 | 28.11.22 | 10850 | 271.25 | 271.25 | 11393 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | കുമാരി പ്ലസ് | 81 | 28.11.22 | 15400 | 385 | 385 | 16170 | | |
| 12 | അമൃതം | 89 | 27.12.12 | 49848.75 | 1246.2 | 1246.2 | 52341 | | |
| 13 | പോഷകം | 90 | 27.12.22 | 10675 | 266.87 | 266.87 | 11209 | | |
| 14 | അമൃതം | 112 | 00.01.23 | 49840 | 1246 | 1246 | 52332 | 42200793 | 21.03.23 |
| 15 | പോഷകം | 113 | 00.01.23 | 10675 | 266.87 | 266.87 | 11209 | | |
| 16 | കുമാരിപ്ലസ്സ് | 114 | 00.01.23 | 15050 | 376 | 376 | 15802 | | |
| 17 | അമൃതം | 115 | 28.02.23 | 48667 | 1216 | 1216 | 51100 | | |
| 18 | പോഷകം | 116 | 28.02.23 | 9625 | 240.62 | 240.62 | 10106 | | |
| 19 | കുമാരിപ്ലസ്സ് | 117 | 28.02.23 | 15225 | 380 | 380 | 15895 | | |
| 20 | അമൃതം | 18 | 00.06.22 | 50085 | 1252.12 | 1252.12 | 52589 | 42200910 | 22.08.22 |
| 21 | പോഷകം | 20 | 00.06.22 | 15400 | 385 | 385 | 16170 | | |
| 22 | കുമാരിപ്ലസ്സ് | 21 | 00.06.22 | 20300 | 507.5 | 507.5 | 21315 | | |
| 23 | അമൃതം | 22 | 00.07.22 | 49140 | 1228.5 | 1228.5 | 51597 | 42200911 | 22.08.22 |
| 24 | പോഷകം | 23 | 00.07.22 | 15400 | 385 | 385 | 16170 | | |
| 25 | കുമാരിപ്ലസ്സ് | 24 | 00.07.22 | 20300 | 507.5 | 507.5 | 21315 | | |
| 26 | കുമാരിപ്ലസ്സ് | 38 | 00.08.22 | 20300 | 507.5 | 507.5 | 21315 | 42200921 | 31.08.22 |
| | | | | 696665.75 | 17415.04 | 17415.04 | | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം Drisya Amrutham Food Supplement Erumapetty Grama Panchayath, Kottappuram-680584 എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ്, കുമാരി പ്ലസ്, ബാലാമൃതം എന്നീ ഉൽപ്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ലാത്തതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.ഭാവിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾക്ക് നിയമപ്രകാരമുള്ള ടി.ഡി.എസ് ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18/21.09.23)

**1-26 പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

| | | | |
|---|---|---|---|
| | നിർവ്വഹണ | സെക്രട്ടറി | |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| പദ്ധതിയുടെ നമ്പരും/ പേരും | 12/23<br>കെ.എസ്.ഇ.ബി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 2,00,000<br>ധനകാര്യകമ്മീഷൻ അവാർഡ്<br>ആകെ ചെലവ് – 171222/- |
| ചെലവ് | വൗച്ചർ നമ്പർ<br>22200809/<br>13.01.23 – 10711/-<br>22200842/<br>31.03.23 – 21104/-<br>22200879/8.2.23<br>94436/-<br>22200981/10.03.23 – 19320/- |

റോഡ് നവീകരണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും അതിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട ഗതാഗത സൌകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിട്ട പദ്ധതിയിൽ മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രൊജക്ടിൽ ഉൾപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ദേശമംഗലം കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ എഞ്ചിനീയറിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രവൃത്തി | വൌച്ചർ നമ്പർ തിയതി | തുക |
|---|---|---|
| PTT46/3,PKK12/6CLR57/4 എന്നീ രണ്ട് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22201100<br>31.03.23 | 18975 |
| PTT46/2 നമ്പർ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22201072<br>29.03.23 | 6676 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ സാക്ഷ്യപത്രം ആദ്യ മറുപടിക്കൊപ്പം സമർപ്പിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.21/23.09.23)

## 1-27 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ |
| പദ്ധതിയുടെ നമ്പരും/ പേരും | 85/23<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി(വനിത) |
| അടങ്കൽ | 6,25,000/-<br>(വികസന ഫണ്ട്(ജനറൽ)) |
| ചെലവ് | 6,25,000/- |

| | |
|---|---|
| വൌച്ചർ നം/ | 42201110 |
| തിയതി | 15.03.23 |

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12500/- രൂപ നിരക്കിൽ (സംസ്ഥാനവിഹിതമടക്കം) 50 ഗുണഭോക്താക്കൾക്കായി 6,50,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്.പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാമെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപ്രകാരം ചെയ്യേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.6/20.09.23)

## 1-28 ലഭ്യമാകാത്ത കമ്പ്യൂട്ടർ-തുക തിരികെ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിലുൾപ്പെട്ട 46/20 നമ്പർ പദ്ധതി-ആയുർവ്വേദ ആശുപത്രിയിലേക്ക് പ്രിന്റർ, യു.പി.എസ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ പ്രകാരം 37622 രൂപ സി.പി.ആർ.സി.എസ് (കെൽട്രോൺ)നു അടവാക്കുകയും എന്നാൽ 14851 രൂപ വില വരുന്ന പ്രിന്റർ സി.പി.ആർ.സി.എസിൽ നിന്ന് ലഭിക്കാതെ വരുകയും ചെയ്തിരുന്നു. പ്രിന്റർ സമയബന്ധിതമായി ലഭിക്കാത്തതിനാൽ സി.പി.ആർ.സി.എസിൽ നിന്ന് റീഫണ്ട് ചെയ്ത് ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് നിർവ്വഹണ ഉദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ അടവാക്കിയിട്ടുള്ളതാണ്. മെഡിക്കൽ ഓഫീസർ ആയുർവ്വേദം പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരികെ അടവാക്കിയ 14851 രൂപ സർക്കാരിലേക്ക് അടവാക്കുന്നതിന് 13.06.22 ലെ ഫയൽ നം - എ4-3846/21 തീരുമാനം നം.3 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.3/18.09.2023)

## 1-29 സാമൂഹ്യസുരക്ഷാ പെൻഷൻ - അധികം തുക അനുവദിച്ചത്, മറ്റ് അപാകതകളും

മരണപ്പെടുന്നവരേയും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മൂഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് 02.08.21 ലെ 63/2021/ധന. നമ്പർ സർക്കുലർ പ്രകാരം ധനകാര്യ(എസ്.എഫ്.സി-ബി) വകുപ്പ് പരിഷ്കരിച്ച് ഉത്തരവിറക്കിയിരുന്നു. ടി സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയ്യതിക്ക് മുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുവാൻ സെക്രട്ടറി സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

